**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1308** **10-10-2024 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് നൽകിവരുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപകർക്ക് വ്യവസായ മേഖലയ്ക്ക് സമാനമായ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ടൂറിസം മേഖലയിൽ കാരവൻ ടൂറിസത്തിന് ഉത്തേജനം പകരുവാനായി സംരംഭകർക്കായി നിക്ഷേപ ധനസഹായം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 14 കാരവാനുകൾക്ക് പലിശ ഇളവായി 7.5 ലക്ഷം രൂപ വീതം 10,500,000/- രൂപ അനുവദിച്ചിട്ടുണ്ട്. TIM 2023 മായി ബന്ധപ്പെട്ട് പ്രോപ്പോസലുകൾ പരിശോധിക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ TIM-ുമായി ബന്ധപ്പെട്ട് പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി PMU & FC (Engagement of Project Management Unit and Facilitation Service) രൂപീകരിക്കുന്നതിനായി 05.07.2024- ലെ സ.ഉ(സാധാ) നം 301/2024/TSM പ്രകാരം ഉത്തരവായിരുന്നു. കൂടാതെ സ്വകാര്യ നിക്ഷേപകർക്ക് വേണ്ട സൗകര്യങ്ങൾ ഏകജാലക സംവിധാനം മുഖേനയും ചെയ്തു വരുന്നു. |
| (ബി) | ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി പാരമ്പര്യ കെട്ടിടങ്ങൾ സംരക്ഷിച്ച് നിലനിർത്തുന്നതിന് ടൂറിസം വകുപ്പിൽ നിന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് അറിയിക്കാമോ? | (ബി) | കേരളത്തിലെ വാസ്തുവിദ്യാപരവും പുരാതനവുമായ കെട്ടിടങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഗൃഹസ്ഥലി പദ്ധതി നടപ്പിലാക്കിവരുന്നു. പൗരാണിക ഛായയുള്ള കെട്ടിടങ്ങളെ താമസയോഗ്യമാക്കി മാറ്റി ഉടമസ്ഥന് വരുമാനം ഉണ്ടാക്കാനും പദ്ധതി ഉദ്ദേശിക്കുന്നു. അൻപത് വർഷത്തിനു മുകളിൽ പഴക്കമുള്ള കെട്ടിടങ്ങളാണ് പ്രധാനമായും ഗൃഹസ്ഥലി സ്കീമിൽ വരുന്നത്. ഹെറിറ്റേജ് സ്വഭാവമുള്ള കെട്ടിടങ്ങളിൽ സഞ്ചാരികൾക്ക് താമസസൗകര്യം കൂടി ഒരുക്കാനും കെട്ടിട ഉടമയ്ക്ക് സാമ്പത്തിക സഹായവും പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു.<br><br>ഗൃഹസ്ഥലി യൂണിറ്റുകൾക്ക് മെയിന്റനൻസ് കോസ്റ്റിന്റെ 25% (പരമാവധി 5 ലക്ഷം രൂപവരെ) |

| | | | |
|---|---|---|---|
| | | | ധനസഹായം വിനോദസഞ്ചാര വകുപ്പ് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ